(ബി) നൽകിയെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിനായി നടത്തിയിട്ടുള്ളത് ;

(സി) പ്രസ്തുത ഓഫീസ് നിർമ്മിക്കുന്നതിന് ഏതെങ്കിലും വകുപ്പിന്റെ എതിർപ്പുണ്ടോ ; ഉണ്ടെങ്കിൽ ഏതു വകുപ്പിന്റെ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ തടസ്സങ്ങൾ മാറ്റി കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) അനുവാദം നൽകിയിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ഒരു രീതിയിലുമുള്ള പുതിയ സാമ്പത്തിക ബാദ്ധ്യതകൾ ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ പുതിയ സ്റ്റേഷൻ മാസ്റ്റർ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ -കം- ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പുരോഗതി

343 (3977) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും അനുസരിച്ച് ഇനിയും ഏതെങ്കിലും വകുപ്പുകളിൽനിന്ന് എൻ.ഒ.സി.-യും അംഗീകാരവും ലഭിക്കേണ്ടതുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) നിർമ്മാണച്ചുമതല കെ.എസ്.ആർ.ടി.സി. നേരിട്ട് തന്നെ ഏറ്റെടുക്കുന്നുണ്ടോ ;

(ഡി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് പണി ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) യു.ഡി.എഫ് സർക്കാരിന്റെ 100 ദിന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അനന്തമായി നീളുന്നതിലുള്ള പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനും നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർമ്മാണം ആരംഭിച്ചിട്ടില്ല. ബി.ഒ.റ്റി. അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹിക്കാൻ ചുമതലപ്പെടുത്തിയിരുന്ന കെ.റ്റി.ഡി.എഫ്.സി. പ്രസ്തുത നിർമ്മാണ ചുതലയിൽനിന്നും തങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 18-11-2014-ൽ നടന്ന ഉന്നതതല യോഗതീരുമാനപ്രകാരം മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ ചുമതല കെ.റ്റി.ഡി.എഫ്.സി.-യെ ഒഴിവാക്കി കെ.എസ്.ആർ.ടി.സി.ക്ക് നൽകുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) നഗരസഭയുടെ കെട്ടിടനിർമ്മാണ അനുമതിയും അഗ്നി സുരക്ഷാ വകുപ്പിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും വർക്ക് സൈറ്റിലെ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്.

(സി) മലപ്പുറം ബസ് ടെർമിനൽ -കം- ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ ചുമതല കെ.എസ്.ആർ.ടി.സി.-ക്ക് നൽകുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ഡി&ഇ) കെ.റ്റി.ഡി.എഫ്.സി.-യുടെ നിർവ്വഹണ ചുമതലയിൽ തയ്യാറാക്കിയ പ്ലാനും ഡിസൈനും കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ചീഫ് എഞ്ചിനീയർ (സിവിൽ) എന്നിവർ സംയുക്തമായി പരിശോധിക്കുന്നതിനും ഇതിന്റെ സ്വീകാര്യത സംബന്ധിച്ചുള്ള തീരുമാനം സർക്കാരിൽ അറിയിക്കുവാനും ടി പ്രോജക്ടിനായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി റിവൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിനും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി തുടർ നടപടി സ്വീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വകാര്യ ബസ്സുകളുടെ സൂപ്പർ ക്ലാസ്സ് പദവി

344 (3978) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വകാര്യ ബസ്സുകൾ പലതും സൂപ്പർ ക്ലാസ്സ് പദവിയിലേക്ക് ഉയർത്തുന്നതുമൂലം വിദ്യാർത്ഥികൾ അടക്കമുള്ളവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; വിശദാംശം എന്തെല്ലാം ;